**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2041** **03-03-2025 - ൽ മറുപടിയ്ക്ക്**

**കാരണവർ വധക്കേസ് പ്രതിയുടെ ശിക്ഷായിളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാരണവർ വധക്കേസ് പ്രതി ഷെറിന്റെ ശിക്ഷാ കാലയളവ് എത്രയായിരുന്നു; എത്രകാലം ഇവർ ജയിൽവാസം അനുഭവിച്ചു; എത്ര തവണ പരോൾ നൽകി; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ഷെറിൻ കാരണവർ 31/01/2025 വരെ 14 വർഷം 10 മാസം 17 ദിവസം ശിക്ഷ അനുഭവിച്ചിട്ടുണ്ട്. 20.02.2012 മുതൽ 25.02.2016 വരെയുള്ള കാലയളവിൽ ഷെറിൻ കാരണവർക്ക് 21 തവണ പരോൾ അനുവദിച്ചിട്ടുണ്ട്. 10.06.2016 മുതൽ നാളിതുവരെയുള്ള കാലയളവിൽ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം 3 തവണ അടിയന്തിര പരോളും ഒരു തവണ സാധാരണ പരോളും, 25 തവണ അർഹതപ്പെട്ട സാധാരണ പരോളും, 2 തവണ കോവിഡ്-19 സ്പെഷ്യൽ പരോളും അനുവദിച്ചിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ പ്രതിയെ ജയിൽ മോചിതയാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തീരുമാനത്തിന് അടിസ്ഥാനമാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളുടെയും പകർപ്പ് ലഭ്യമാക്കുമോ? | (ബി) | ഷെറിൻ കാരണവർക്ക് അകാല വിട്ടയതൽ അനുവദിക്കുന്നതിന് 08.08.2024-ൽ ചേർന്ന കണ്ണൂർ വിമൻസ് പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതി ശിപാർശ ചെയ്തു. 28.01.2025 ന് ചേർന്ന മന്ത്രിസഭാ യോഗം ശിപാർശ പരിഗണിക്കുകയും ഇൻഡ്യൻ ഭരണഘടനയുടെ 161-ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ബഹു. ഗവർണർക്ക് ഫയൽ കൈമാറിയിരിക്കുകയുമാണ്. ഇക്കാരണത്താൽ രേഖകളുടെ പകർപ്പ് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ